**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5517** **15-03-2023 - ൽ മറുപടിയ്ക്ക്**

**പശുക്കളിലെ ചർമ്മമുഴ രോഗം തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. പി. ജെ. ജോസഫ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | പശുക്കളിൽ കാണുന്ന ചർമ്മമുഴ രോഗം തടയുന്നതിന് മൃഗസംരക്ഷണ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) | 2022-2023 സാമ്പത്തിക വർഷത്തിൽ കേരളത്തിൽ ആദ്യമായി രോഗം സ്ഥിരീകരിച്ചത് 16/10/2022 ൽ തൃശ്ശൂർ ജില്ലയിലാണ്. സംസ്ഥാനത്ത് ഏതാണ്ട് എല്ലാ ജില്ലകളിലും ചെറിയ തോതിൽ രോഗബാധ ഉണ്ടായി. ഈ രോഗത്തിനെതിരെ ആന്റിവൈറൽ മരുന്നുകൾ ലഭ്യമല്ലാത്തതിനാൽ പ്രതിരോധ കുത്തിവയ്പ് മാത്രമാണ് ഏക പോംവഴി. പാലക്കാട്, മലപ്പുറം, തൃശ്ശൂർ ജില്ലകളിൽ രോഗബാധയിൽ നേരിയ വർദ്ധനയുണ്ടായതിനെ തുടർന്ന് മൂന്നാം ഘട്ട കുളമ്പ് രോഗപ്രതിരോധകുത്തിവയ്പ്പിനൊപ്പം പ്രത്യേക സ്ക്വാഡുകളെ നിയോഗിച്ച് കണ്ടെയിൻമെന്റ് വാക്സിനേഷൻ നടത്തി, രോഗം നിയന്ത്രണ വിധേയമാക്കി. ഈ രോഗത്തിനെ പ്രതിരോധിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ നിർദ്ദേശ പ്രകാരം സംസ്ഥാനത്തൊട്ടാകെ 18/01/2023 മുതൽ 24/02/2023 വരെ കാർപ്പെറ്റ് വാക്സിനേഷൻ നടത്തുന്നതിന് ഉത്തരവായിരുന്നു. എന്നാൽ ചില ജില്ലകളിൽ പക്ഷിപ്പനി, പന്നിപ്പനി മുതലായ രോഗങ്ങൾ ഉണ്ടായ സാഹചര്യത്തിൽ കാർപ്പെറ്റ് വാക്സിനേഷൻ പൂർത്തിയാക്കാനായി സമയപരിധി 14/03/2023 വരെ നീട്ടിനൽകിയിരിക്കുകയാണ്. ഇതിലേക്കായി 11,04,500 ഡോസ് വാക്സിനും (ഒരു ഡോസ് വാക്സിന് 5.25/-രൂപാ നിരക്കിൽ) ആവശ്യമായ ലോജിസ്റ്റിക്സും സംഭരിച്ച് വിതരണം ചെയ്തിട്ടുണ്ട്. രോഗപ്രതിരോധ ശേഷി ഏറ്റവും മികച്ച രീതിയിൽ ഉറപ്പാക്കുന്നതിനായി 25 ഡോസ്, 50 ഡോസ് വയലുകളിലാണ് വാക്സിൻ ലഭ്യമാക്കിയിട്ടുള്ളത്. കേരളമൊട്ടാകെ വാക്സിനേഷൻ നടത്തുന്നതിലേക്കായി ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരെ ഉൾപ്പെടുത്തി 1393 സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. വാക്സിനേഷൻ നടത്തുന്നതിനായി |

| | | | |
|---|---|---|---|
| | | | ഓരോ സ്ക്വാഡിനും പ്രതിദിനം 200/-രൂപ നിരക്കിൽ മൊബിലിറ്റി ചാർജ്ജ് നൽകുന്നതാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി മൃഗസംരക്ഷണവകുപ്പ് **1,58,55,708/-** രൂപ വകയിരുത്തിയിട്ടുണ്ട്. 08/03/2023 വരെ 7,91,586 ഉരുക്കളെ കാർപ്പെറ്റ് വാക്സിനേഷന് വിധേയമാക്കിയിട്ടുണ്ട്.<br><br>**കാർപ്പെറ്റ് വാക്സിനേഷൻ, കണ്ടെയ്ൻമെന്റ് വാക്സിനേഷനുൾപ്പെടെ 8,53,346 ഉരുക്കൾക്ക് പ്രതിരോധ കുത്തിവയ്പ് നൽകിയിട്ടുണ്ട്.** |
| (ബി) | ചർമ്മമുഴ രോഗത്തിനുള്ള ചികിത്സ കിട്ടാതെ ചത്തൊടുങ്ങുന്ന പശുക്കളുടെ ഉടമകളായ ക്ഷീര കർഷകർക്ക് മതിയായ നഷ്ടപരിഹാരം നൽകുമോയെന്ന് അറിയിക്കുമോ; | (ബി) | **നഷ്ടപരിഹാര ഇനത്തിൽ തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. കേന്ദ്രസർക്കാരിൽ നിന്നും നഷ്ടപരിഹാര ഇനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല.** |
| (സി) | പ്രസ്തുത രോഗത്തെക്കുറിച്ച് വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇത് പകർച്ച വ്യാധിയാണോയെന്ന് അറിയിക്കുമോ; ഈ രോഗം ഫലപ്രദമായി തടയുന്നതിന് വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ; | (സി) | പഠനത്തിന്റെ ഭാഗമായി രോഗബാധ റിപ്പോർട്ട് ചെയ്യുന്ന സ്ഥലങ്ങളിൽ വകുപ്പിന്റെ രോഗ നിർണ്ണയ വിഭാഗമായ പാലോട് പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഡിസീസ് (SIAD) പരിശോധന നടത്തി രോഗവ്യാപനം അവലോകനം ചെയ്യുന്നുണ്ട്. പകർച്ച വ്യാധിയായ ഈ രോഗത്തിന് കേന്ദ്ര സർക്കാരിന്റെ മാർഗ്ഗ നിർദേശങ്ങളനുസരിച്ച് രോഗ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br><br>2022-2023 സാമ്പത്തിക വർഷത്തിൽ കേരളത്തിൽ ആദ്യമായി രോഗം സ്ഥിരീകരിച്ചത് 16/10/2022 ൽ തൃശ്ശൂർ ജില്ലയിലാണ്. സംസ്ഥാനത്ത് ഏതാണ്ട് എല്ലാ ജില്ലകളിലും ചെറിയ തോതിൽ രോഗബാധ ഉണ്ടായി. ഈ രോഗത്തിനെതിരെ ആന്റിവൈറൽ മരുന്നുകൾ ലഭ്യമല്ലാത്തതിനാൽ പ്രതിരോധ കുത്തിവയ്പ് മാത്രമാണ് ഏക പോംവഴി. പാലക്കാട്, മലപ്പുറം, തൃശ്ശൂർ ജില്ലകളിൽ രോഗബാധയിൽ നേരിയ വർദ്ധനയുണ്ടായതിനെ തുടർന്ന് മൂന്നാം ഘട്ട കുളമ്പ് രോഗപ്രതിരോധകുത്തിവയ്പ്പിനൊപ്പം പ്രത്യേക സ്ക്വാഡുകളെ നിയോഗിച്ച് കണ്ടെയിൻമെന്റ് വാക്സിനേഷൻ നടത്തി, രോഗം നിയന്ത്രണ വിധേയമാക്കി. ഈ രോഗത്തിനെ പ്രതിരോധിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ നിർദ്ദേശ പ്രകാരം സംസ്ഥാനത്തൊട്ടാകെ 18/01/2023 മുതൽ 24/02/2023 വരെ കാർപ്പെറ്റ് വാക്സിനേഷൻ നടത്തുന്നതിന് ഉത്തരവായിരുന്നു. എന്നാൽ ചില ജില്ലകളിൽ പക്ഷിപ്പനി, പന്നിപ്പനി മുതലായ രോഗങ്ങൾ ഉണ്ടായ സാഹചര്യത്തിൽ കാർപ്പെറ്റ് വാക്സിനേഷൻ പൂർത്തിയാക്കാനായി സമയപരിധി 14/03/2023 വരെ നീട്ടിനൽകിയിരിക്കുകയാണ്. ഇതിലേയ്ക്കായി 11,04,500 ഡോസ് വാക്സിനും (ഒരു ഡോസ് വാക്സിന് |

| | | | |
|---|---|---|---|
| | | | 5.25/-രൂപാ നിരക്കിൽ) ആവശ്യമായ ലോജിസ്റ്റിക്സും സംഭരിച്ച് വിതരണം ചെയ്തിട്ടുണ്ട്. രോഗപ്രതിരോധ ശേഷി ഏറ്റവും മികച്ച രീതിയിൽ ഉറപ്പാക്കുന്നതിനായി 25 ഡോസ്, 50 ഡോസ് വയലുകളിലാണ് വാക്സിൻ ലഭ്യമാക്കിയിട്ടുള്ളത്. കേരളമൊട്ടാകെ വാക്സിനേഷൻ നടത്തുന്നതിലേക്കായി ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരെ ഉൾപ്പെടുത്തി 1393 സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. വാക്സിനേഷൻ നടത്തുന്നതിനായി ഓരോ സ്ക്വാഡിനും പ്രതിദിനം 200/-രൂപ നിരക്കിൽ മൊബിലിറ്റി ചാർജ്ജ് നൽകുന്നതാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി മൃഗസംരക്ഷണവകുപ്പ് **1,58,55,708/-** രൂപ വകയിരുത്തിയിട്ടുണ്ട്. 08/03/2023 വരെ 7,91,586 ഉരുക്കളെ കാർപ്പെറ്റ് വാക്സിനേഷന് വിധേയമാക്കിയിട്ടുണ്ട്.<br><br>**കാർപ്പെറ്റ് വാക്സിനേഷൻ, കണ്ടെയ്ൻമെന്റ് വാക്സിനേഷനുൾപ്പെടെ 8,53,346 ഉരുക്കൾക്ക് പ്രതിരോധ കുത്തിവയ്പ് നൽകിയിട്ടുണ്ട്. രോഗബാധ ഉണ്ടായിട്ടുള്ള ഉരുക്കൾക്കുള്ള ചികിത്സയും, പകരുന്നത് തടയുന്നതിനുള്ള നടപടികളും കേന്ദ്ര ഗവൺമെന്റ് മാർഗ്ഗനിർദ്ദേശപ്രകാരം സ്വീകരിച്ചു വരുന്നു.** |
| (ഡി) | പ്രസ്തുത രോഗത്തെക്കുറിച്ച് വെറ്ററിനറി ഡോക്ടർമാർക്ക് ശരിയായ അവബോധം ലഭ്യമായിട്ടുണ്ടോ; ഇതിന് ആവശ്യമായ മരുന്ന് മൃഗാശുപത്രികളിൽ ലഭ്യമാണോ; അറിയിക്കുമോ; | (ഡി) | ഉണ്ട്. വിശദമായ ട്രെയിനിംഗ് നൽകിയിട്ടുണ്ട്. ആവശ്യമായ മരുന്നുകളും വാക്സിനും ലോജിസ്റ്റിക്സും മൃഗാശുപത്രികളിൽ ലഭ്യമാണ്. |
| (ഇ) | ഈ രോഗം കാലിത്തീറ്റയിൽ നിന്നും ഉണ്ടാകുന്നതാണോയെന്നും ഇത് മനുഷ്യരിലേയ്ക്ക് പകരാൻ സാധ്യതയുണ്ടോയെന്നും അറിയിക്കുമോ? | (ഇ) | ഈ രോഗം കാലിത്തീറ്റയിൽ നിന്നും ഉണ്ടാകുന്നതല്ല. വൈറസ് മൂലം ഉണ്ടാകുന്നതാണ്. മനുഷ്യരിലേക്ക് പകർന്നതായി നാളിതുവരെ റിപ്പോർട്ടില്ല. |

സെക്ഷൻ ഓഫീസർ